# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2744** | **12.02.2019-ൽ മറുപടിക്ക്**

## നോൺ ബാങ്കിംഗ് ബിസിനസ്സ്/ പ്രൈവറ്റ് മേഖലയിൽ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) നോൺ ബാങ്കിംഗ് ബിസിനസ്സ്/ പ്രൈവറ്റ് മേഖലയിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കാമോ; | (എ) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിലേക്കുള്ള പ്രാഥമിക വിജ്ഞാപനം 28.07.2016 തീയതിയിൽ 20549/ഇ 1/2015/തൊഴിൽ നമ്പറായി സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആയത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള കാരണം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സ്റ്റേ നീക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C))26803/2017 നമ്പർ റിട്ട് ഹർജിയിന്മേൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; വിശദമാക്കാമോ; | (സി) തൊഴിൽ മേഖലയിലെ തൊഴിൽ തർക്കങ്ങളിൽ നടപടിയെടുക്കുന്നത് 1947 -ലെ വ്യവസായതർക്ക നിയമ പ്രകാരമാണ്. ടി നിയമ പ്രകാരം സംസ്ഥാനത്തെ ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I വരെയുള്ള ഉദ്യോഗസ്ഥരെ അനുരഞ്ജന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നോൺ ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾ അനുരഞ്ജന ഉദ്യോഗസ്ഥർ മുമ്പാകെ സമർപ്പിച്ച് പരിഹാരം തേടാവുന്നതാണ്. |
| (ഡി) പ്രസ്തുത മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് നേരെ നടക്കുന്ന | (ഡി) നോൺ ബാങ്കിംഗ് മേഖലയിലെ തൊഴിൽ തർക്കങ്ങൾ അനുരഞ്ജന ഉദ്യോഗസ്ഥർ മുമ്പാകെ ലഭിക്കുമ്പോൾ, ടി ഉദ്യോഗസ്ഥർ അനുരഞ്ജന |

| | |
|---|---|
| ദ്രോഹനടപടികൾ അവസാനിപ്പിക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ചർച്ചകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നു. തൊഴിലാളികൾക്ക് നേരെ നടക്കുന്ന ദ്രോഹ നടപടികൾ തൊഴിൽ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) -ക്ക് പരാതി നൽകിയാൽ പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.